**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 795** **06-12-2022 - ൽ മറുപടിയ്ക്ക്**

**എസ്.സി./എസ്.ടി. സഹകരണ സംഘങ്ങളെ നവീകരിക്കുന്നതിന് നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പ്രേംകുമാർ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | നിർജ്ജീവമായ എസ്.സി./എസ്.ടി. സഹകരണ സംഘങ്ങളെ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (എ) | പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനാവലോകന യോഗങ്ങൾ എല്ലാ മാസവും താലൂക്ക് അടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്ന തോടൊപ്പം, നിർജ്ജീവമായ സംഘങ്ങൾ സജീവമാക്കി നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>പുനരുജ്ജീവിപ്പിക്കുന്ന പട്ടികജാതി / പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾക്ക് വ്യവസ്ഥകൾക്കു വിധേയമായി ധന സഹായങ്ങൾ നൽകുന്ന വിവിധ സ്കീമുകൾ സഹകരണവകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയവ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു:.<br><br>• പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് ഒരു സംഘത്തിന് പ്രതിമാസം 10,000/- രൂപ നിരക്കിൽ ആദ്യത്തെ അഞ്ചു വർഷവും ടി അഞ്ചു വർഷക്കാലയളവിനുള്ളിൽ സംഘം ലാഭകരമാകുന്ന പക്ഷം അത്തരം സംഘങ്ങൾക്ക് പ്രതിമാസം 15,000/- രൂപ നിരക്കിൽ തുടർന്നുള്ള മൂന്ന് വർഷവും മാനേജീരിയൽ സബ്സിഡി അനുവദിച്ചുവരുന്നു.<br>• സംഘം പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പ്രവർത്തന മൂലധന ഗ്രാന്റായി പരമാവധി 5 ലക്ഷം രൂപ സബ്സിഡി ആയി അനുവദിക്കുന്നു.<br>• സംഘങ്ങളുടെ ആഫീസ് കെട്ടിടം പുനരുദ്ധരിക്കുന്നതിന് കെട്ടിട പുനരുദ്ധാരണ ഗ്രാന്റായി 5 ലക്ഷം രൂപ സബ്സിഡി ആയി അനുവദിക്കുന്നു.<br>• സംഘങ്ങൾക്ക് സർക്കാർ ഓഹരിമൂലധനമായി പരമാവധി 4 ലക്ഷം രൂപ അനുവദിക്കുന്നു. |

| | | | |
|---|---|---|---|
| | | | • വിവിധ പ്രോജക്റ്റുകൾ നടപ്പിലാക്കി ടി സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് പുനരുദ്ധാരണ പദ്ധതി പ്രകാരം പരമാവധി 20 ലക്ഷം രൂപ (ഓഹരി 5 ലക്ഷം രൂപ + സബ്സിഡി 15 ലക്ഷം രൂപ) അനുവദിച്ചുവരുന്നു.<br>• നൂതന പദ്ധതികൾ നടപ്പിലാക്കി സംഘത്തിലെ കൂടുതൽ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് സ്പെഷ്യൽ റിവൈവൽ സ്കീം പ്രകാരം 40 ലക്ഷം രൂപ (ഓഹരി 10 ലക്ഷം രൂപ + സബ്സിഡി 30 ലക്ഷം രൂപ) അനുവദിച്ചുവരുന്നു. |
| (ബി) | ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; വിശദമാക്കുമോ? | (ബി) | പട്ടികജാതി/ പട്ടികവർഗ്ഗ സംഘങ്ങൾക്ക് വിവിധ സ്കീമുകൾക്കായി നടപ്പ് സാമ്പത്തിക വർഷം വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള 1400 ലക്ഷം രൂപയിൽ നിന്നും തുക അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ